LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട്

130 (2438) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രന്റോട്ടുകൂടി പ്രവർത്തിക്കുന്ന കമ്മീഷൻ ആണോയെന്ന് വ്യക്തമാക്കാമോ; മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനത്തിനായി വർഷംതോറും എത്ര തുകയാണ് ഗ്രാന്റായി നൽകുന്നത് അറിയിക്കുമോ?

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് കൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. അതത് വർഷം ഗ്രാന്റ്-ഇൻ-എയ്ഡ് തുക ബഡ്ജറ്റിൽ വകയിരുത്തിയാണ് കമ്മീഷന് അനുവദിക്കുന്നത്. 2021-2022 സാമ്പത്തിക വർഷത്തെ വിനിയോഗത്തിനായി 6,46,38,000 (ആറ് കോടി നാൽപ്പത്തിയാറു ലക്ഷത്തി മുപ്പത്തിയെട്ടായിരം) രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) മനുഷ്യാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാറുണ്ടോ; എത്ര വർഷത്തെ റിപ്പോർട്ടാണ് സമർപ്പിക്കാനുള്ളത്; അവസാനമായി റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അഞ്ചുവർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കാനുണ്ട്. 2015-16-ലെ റിപ്പോർട്ട് 3-9-2021 -ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ കേസ്സുകൾക്ക് പ്രത്യേക അഭിഭാഷകരെ നിയമിക്കുന്നത്

131 (2439) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനുവേണ്ടി കേസുകളുടെ നടത്തിപ്പിനായി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മുതൽപേർ നിയമിതരായിട്ടും പുറമെനിന്ന് പ്രത്യേക അഭിഭാഷകരെ നിയമിക്കുന്നത് സംസ്ഥാനത്തെ നിയമിതരായ അഭിഭാഷകരെ വിശ്വാസത്തിലെടുക്കാൻ സാധിക്കാത്തതുകൊണ്ടാണോ എന്ന് വിശദമാക്കുമോ?

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മജിസ്ട്രേറ്റ് കോടതികളിലാണ് കേസ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിൽ ഹാജരാവുന്നതിന് പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടില്ല. കേസുകളുടെ പ്രാധാന്യവും വിഷയത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ച് ഹൈക്കോടതിയിൽ പ്രത്യേക അഭിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്ന് സർക്കാരിന് ബോധ്യമാകുന്ന കേസ്സുകളിലാണ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരെ കേസ് നടത്തിപ്പിനായി നിയമിക്കുന്നത്.

(ബി) ഇത്തരം കേസ്സുകളിൽ സർക്കാർ അഭിഭാഷകരിൽനിന്നും പ്രത്യേക അഭിഭാഷകർക്കുള്ള ചെലവ് ഈടാക്കുന്നതിന് സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ?

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ മജിസ്ട്രേറ്റ് കോടതികളിലാണ് കേസ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിൽ ഹാജരാവുന്നതിന് പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടില്ല. കേസ്സുകളുടെ പ്രാധാന്യവും വിഷയത്തിന്റെ സ്വഭാവവും ഗൗരവവും പരിഗണിച്ച് ഹൈക്കോടതിയിൽ പ്രത്യേക അഭിഭാഷകരുടെ സേവനം ലഭ്യമാക്കണമെന്ന് സർക്കാരിന് ബോധ്യമാകുന്ന കേസ്സുകളിലാണ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരെ കേസ് നടത്തിപ്പിനായി നിയമിക്കുന്നത്.

സംസ്ഥാനത്തെ നോട്ടറി നിയമനങ്ങളിൽ സുതാര്യത ഇല്ല എന്ന ആക്ഷേപം

132 (2440) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോട്ടറി നിയമനങ്ങളിൽ സുതാര്യതയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. 1952-ലെ നോട്ടറീസ് ആക്ടിലും 1956-ലെ നോട്ടറീസ് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) നോട്ടറി നിയമനവുമായി ബന്ധപ്പെട്ട് നിയമവകുപ്പിൽ എത്ര അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളതെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ?

166 അപേക്ഷകളാണ് നിലവിൽ ലഭിച്ചിട്ടുള്ളത്. 5 ഒഴിവുകൾ നിലവിൽ ഉണ്ട്.

(സി) നോട്ടറി നിയമനം സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

1952-ലെ നോട്ടറീസ് ആക്ടിന്റെയും (1952-ലെ 53-ാം കേന്ദ്ര ആക്ട്) 1956-ലെ നോട്ടറീസ് ചട്ടത്തിന്റെയും വ്യവസ്ഥകൾക്കനുസൃതമായാണ് നോട്ടറി നിയമനങ്ങൾ നടത്തിവരുന്നത്. ഇത് പൂർണ്ണമായും നിയമാനുസൃതമാണ്.

LIBRARY ARCHIVES Kerala Legislative Assembly